**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകപ്പ് - നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീ.പ്രകാശൻ മണക്കുനിയിൽ, സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.വിനോദൻ വി.പി. കോഴിക്കോട്, മുൻ ക്ലർക്കായിരുന്ന ശ്രീമതി ചന്ദ്രജ്യോതി വി. (നിലവിൽ ജൂനിയർ സൂപ്രണ്ട്, ഡയറ്റ്, കോഴിക്കോട്) എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**257/2026/GEDN** തീയതി,തിരുവനന്തപുരം, **09-01-2026**

---

പരാമർശം:-

1. **12.07.2021**-ലെ സ.ഉ.(സാധാ) നം.**3353/2021**/പൊ.വി.വ.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **22/03/2022**-ലെ വിബി**3/368175/2022**/ഡിജിഇ നമ്പർ കത്ത്
3. കുറ്റാരോപിതർക്ക് സർക്കാർ നല്കിയ **19/09/2022**-ലെ പൊ.വി.-സി**2/137/2022**/പൊ.വി.വ നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും /കാരണം കാണിക്കൽ നോട്ടീസ്
4. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രിക
5. **21/10/2023**-ലെ സ.ഉ(സാധാ) നം.**6485/2023**/പൊ.വി.വ.
6. പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച **19.09.2024**-ലെ വിബി**3/20749/2023**/ഡിജിഇ നമ്പർ അന്വേഷണ റിപ്പോർട്ട്
7. കുറ്റാരോപിതർക്ക് സർക്കാർ നല്കിയ **13/11/2024**-ലെ പൊ.വി.-ഡിഎ**1/17/2023**/പൊ.വി.വ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
8. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രിക

**<u>ഉത്തരവ്</u>**

നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽപ്പെട്ട തുണേരി ഇ.വി.യു.പി.എസ്-ലെ അദ്ധ്യാപകരായ ശ്രീമതി ധന്യ.വി, ശ്രീമതി.ഐ.ശ്രീജ, ശ്രീമതി.കെ. രേഖ, ശ്രീ.ഐ.വി.സജിത്ത് എന്നീ അദ്ധ്യാപകരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട വിഷയത്തിൽ

പരാമർശം (1) പ്രകാരം മേൽ അദ്ധ്യാപകരുടെ നിയമനങ്ങൾ റദ്ദ് ചെയ്തുകൊണ്ടും അനധികൃതമായി ഈ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്തിരുന്ന ജീവനക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ച്, അദ്ധ്യാപകരുടെ ശമ്പള ആനുകൂല്യത്തിൽ നല്കേണ്ടി വരുന്ന തുക ടി ജീവനക്കാരുടെ ബാദ്ധ്യതയായി കണക്കാക്കി അവരിൽ നിന്നും ഉത്തരവാദിത്വത്തിന് ആനുപാതികമായി ഈടാക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ക്രമവിരുദ്ധ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് ശ്രീ.പ്രകാശൻ മണക്കുനിയിൽ, റിട്ട. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ശ്രീ.വിനോദൻ പി.വി, റിട്ട. സീനിയർ സൂപ്രണ്ട്, ശ്രീമതി ചന്ദ്രജ്യോതി വി.എ, ക്ലർക്ക് എന്നീ ജീവനക്കാർ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടുള്ളതിനാൽ ടി ജീവനക്കാർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും ടി ജീവനക്കാരിൽ നിന്ന് മേൽ ബാധ്യത ഈടാക്കാൻ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതായും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2) ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽപ്പെട്ട തുണേരി ഇ.വി.യു.പി.എസ്-ൽ ശ്രീമതി ധന്യ വി, ശ്രീമതി ഐ.ശ്രീജ, ശ്രീമതി കെ.രേഖ, ശ്രീ.ഐ.വി.സജിത്ത് എന്നിവർക്ക് ക്രമവിരുദ്ധ നിയമന അംഗീകാരം നൽകിയതുമായി ബന്ധപ്പെട്ട ക്രമക്കേടിന് ഉത്തരവാദികളായ നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീ.പ്രകാശൻ മണക്കുനിയിൽ, സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.വിനോദൻ വി.പി. എന്നീ ജീവനക്കാർക്കെതിരെ കെ എസ് ആർ ഭാഗം III ചട്ടം 59(d) പ്രകാരവും ക്ലർക്കായിരുന്ന ശ്രീമതി.ചന്ദ്രജ്യോതി. വി. ക്കെതിരെ കെ. സി.എസ് (സി.സി& എ) ചട്ടം 15 പ്രകാരവുമുള്ള അച്ചടക്ക നടപടികൾ ആരംഭിക്കാൻ തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും/ കാരണം കാണിക്കൽ നോട്ടീസും നൽകിയിരുന്നു. ഇതിന് ടിയാളുകൾ പരാമർശം (4) പ്രകാരം സർക്കാരിൽ പ്രതിവാദപത്രിക സമർപ്പിക്കുകയുണ്ടായി. കുറ്റാരോപിതർ സമർപ്പിച്ചിട്ടുള്ള ടി പ്രതിവാദ പത്രിക തൃപ്തികരമല്ലാത്തതിനാൽ എല്ലാ ഉദ്യോഗസ്ഥർക്കെതിരെയും കെ.സി.എസ്(സിസി & എ) ചട്ടം 15 / കെ എസ് ആർ ഭാഗം III ചട്ടം 59(d) പ്രകാരമുള്ള (ജോയിന്റ് എൻക്വയറി) ഔപചാരിക അന്വേഷണത്തിന് പരാമർശം (5) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ ഓഫ് പബ്ളിക് ഇൻസ്ട്രക്ഷൻ (ജനറൽ)നെ ചുമതലപ്പെടുത്തുകയുണ്ടായി.

3) കുറ്റാരോരോപിതരായ ശ്രീ.പ്രകാശൻ മണക്കുനിയിൽ, ശ്രീ.വിനോദൻ

വി.പി. ശ്രീമതി. ചന്ദ്രജ്യോതി വി. എന്നിവർക്ക് സർക്കാർ നൽകിയ കുറ്റപത്രം/കാരണം കാണിക്കൽ നോട്ടീസിലെ ചാർജ് നിലനിൽക്കുന്നതാണെന്ന് പരാമർശം (6) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സർവീസിൽ തുടരുന്ന ശ്രീമതി.ചന്ദ്രജ്യോതി .വി.യ്ക്കെതിരെ (നിലവിൽ ജൂനിയർ സൂപ്രണ്ട് DIET കോഴിക്കോട്) കെ സി എസ് (സി സി &എ) റൂൾസ്, 1960, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി തുടർന്ന് ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലപ്രാബല്യത്തോടെ തടയുന്നതിനുള്ള താത്ക്കാലിക തീരുമാനമെടുത്തും, സർവീസിൽ നിന്നും വിരമിച്ച ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ശ്രീ.പ്രകാശൻ മണക്കുനിയിൽ, സീനിയർ സൂപ്രണ്ട്, ശ്രീ.വിനോദൻ വി.പി എന്നിവർക്കെതിരെ കെ എസ് ആർ ഭാഗം III ചട്ടം 59(d) പ്രകാരം അച്ചടക്ക നടപടി തുടർന്ന് ടിയാളുകളുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/-വീതം സ്ഥിരമായി കുറവുചെയ്യാൻ താല്ക്കാലിക തീരുമാനമെടുത്തും പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ടി കാരണം കാണിക്കൽ നോട്ടീസിന് ടിയാളുകൾ സർക്കാരിൽ സമർപ്പിച്ച മറുപടിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെന്ന നിലയിൽ തങ്ങൾ സർക്കാർ ഉത്തരവ് പാലിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട എല്ലാവിധ അച്ചടക്ക നടപടികളും ഒഴിവാക്കിത്തരണമെന്നും പരാമർശം (8) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4) ശ്രീമതി.ചന്ദ്രജ്യോതി വി, ശ്രീ.പ്രകാശൻ മണക്കുനിയിൽ, സീനിയർ സൂപ്രണ്ട്, ശ്രീ.വിനോദൻ വി.പി. എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ടിയാളുകളെ പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ് അണ്ടർ സെക്രട്ടറി 13/02/2025-ന് നേരിൽ കേൾക്കുകയുണ്ടായി. പൊതുവിദ്യഭ്യാസ ഡയറക്ടറുടെയും കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെയും പ്രതിനിധികൾ ടി ഹിയറിംഗിൽ പങ്കെടുക്കുകയുണ്ടായി.

5) നേരിൽ കേൾക്കുന്ന വേളയിൽ ശ്രീ.വിനോദൻ വി.പി. ശ്രീമതി ചന്ദ്രജ്യോതി വി., ശ്രീ.പ്രകാശൻ മണക്കുനിയിൽ എന്നിവർ താഴെപ്പറയുന്ന വാദഗതികൾ ഉന്നയിക്കുകയുണ്ടായി.

<u>ശ്രീ.വിനോദൻ വി.പി.</u>

i) തൂണേരി ഇ.വി.യു.പി.സ്കൂളിൽ നിയമിക്കപ്പെട്ട 6 അധ്യാപകരുടെ നിയമനാംഗീകാരം ലഭിക്കുന്നതിനായി മാനേജർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച 29141/2018 ലെ 4/09/2018 ലെ ഉത്തരവനുസരിച്ച് 7/11/2018ന് സർക്കാർ നേരിട്ട് കേട്ടതിനുശേഷം

പുറപ്പെടുവിച്ച സ.ഉ(സാധ) നം 54/2019 തിയതി 5/01/2019 ലെ ഉത്തരവിൽ 6 അധ്യാപകരുടെ നിയമനങ്ങളും അംഗീകരിച്ച് ഉത്തരവാകാൻ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിനുശേഷം 4 പേരുടെ നിയമനങ്ങൾ 2016-17ന് ശേഷം സ്കൂളിൽ നിന്ന് വിരമിച്ച അധ്യാപകരുടെ ഒഴിവിൽ നിയമനാംഗീകാരം നൽകാനാണ് ശ്രമിച്ചത്. ശ്രീമതി ധന്യയുടെ നിയമനം 01/06/2017 മുതൽ അംഗീകരിച്ചു നൽകുകയുണ്ടായി.

ii) എന്നാൽ ശ്രീമതി ശ്രീജ ഇല്ലത്ത്( ജനനതിയതി 31/05/1974), ശ്രീമതി.രേഖ (ജനനതിയതി 05/05/1976) എന്നിവർ ഉയർന്ന പ്രായ പരിധിയിൽ ഇളവ് ലഭിക്കാൻ വേണ്ടി ഗവൺമെൻറിൽ അപേക്ഷ സമർപ്പിച്ചതിനാൽ നിയമനാംഗീകാരം നൽകാതെ മാറ്റി വെച്ചിരുന്നു. പ്രസ്തത അപേക്ഷയിൽ ഗവൺമെൻ്റ് 15/03/19 ൽ ഹിയറിംഗ് നടത്തുകയുണ്ടായി. ഹിയറിംഗിൽ 29/01/2016 ലെ GO.(P) 29/16/പൊവിവ പ്രകാരം 2013-14 വർഷത്തിൽ തസ്തിക ലഭ്യമല്ലാത്തതിനാൽ നിയമനം നൽകാൻ കഴിയില്ലെന്ന് സർക്കാർ അഭിപ്രായപ്പെട്ടില്ലെന്നും മറിച്ച് താനക്കോട്ടൂർ യു.പി.സ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി നമിത സികെയുടെ നിയമനകാര്യത്തിൽ പുറപ്പെടുവിച്ച എൽ 1/156/2017 പൊ.വി.വ.തിയ്യതി 29/09/2018 ഉത്തരവ് തന്നെ ഇവരുടെ കാര്യത്തിൽ അടിസ്ഥാനമാക്കാനും 2010-11 ലെ തസ്തിക തന്നെയാണ് 2015-16 വരെ (GO (P) 29/16 dt 29/01/2016 ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ) നിലനിൽക്കുന്നതെന്നും ആയതിനാൽ ഇവരുടെ നിയമനം നിയമന തിയതി മുതൽ അംഗീകരിക്കാൻ നിർദ്ദേശിക്കുകയും 2013 മുതൽ നിയമിച്ച അധ്യാപകർക്ക് ഇതുവരെയായിട്ടും നിയമനാംഗീകാരം നൽകാത്തത് ശരിയല്ലെന്നും, നമിതയുടെ നിയമനം വൈകിച്ചതിന് നാദാപുരം ഉപജില്ലയിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണെന്നും അഭിപ്രായപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ ഒരു Clarification-ന് അപേക്ഷിച്ചപ്പോൾ, നമിതയുടെ കാര്യത്തിൽ ഒരു ക്ലാരിഫിക്കേഷൻ നൽകിയിട്ടുണ്ടെന്നും ഒരോ ഗവൺമെൻ്റ് ഉത്തരവിൻ്റ കൂടെ ഓരോ ക്ലാരിഫിക്കേഷൻ നൽകാൻ കഴിയില്ലെന്നും അറിയിക്കുയുണ്ടായി. അധ്യാപകരുടെ നിയമനങ്ങൾ ഉടനെ അംഗീകരിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുകയാണ് ഉണ്ടായത്. നിർദ്ദേശം അനുസരിച്ച് 4 അധ്യാപകരുടെ നിയമനം നിയമന തിയ്യതി മുതൽ അംഗീകരിച്ച് റിപ്പോർട്ട് ചെയ്യുകയും ചെയ്ത്ിരുന്നു.

iii) പിന്നീട് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ നടത്തിയ ഓഡിറ്റ് പരിശോധനയിൽ 4 അധ്യാപകരുടെ നിയമനങ്ങൾ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചത് സ്വമേധയ എടുത്ത തീരുമാനമാണെന്നും ആയതിനാൽ നിയമനങ്ങൾ അംഗീകരിച്ചത് ക്രമപ്രകാരമല്ലെന്നും പ്രസ്തുത നടപടി ഗുരുതരമായ കൃത്യ വിലോപമാണെന്നും സൂചിപ്പിക്കുകയുണ്ടായി. മാത്രമല്ല ഇവരുടെ നിയമനവുമായി ബന്ധപ്പെട്ട പുറപ്പെടുവിച്ച സ.ഉ (സാധ) നം 3353/2021 പൊ.വി. തിയ്യതി 12/07/2021 ഉത്തരവിൽ "എൽ1/39/2019 പൊ.വി.വ

നമ്പർ ഫയലിൽ **15/03/2019**-ൽ സർക്കാറിൽ നടന്ന ഹിയറിംഗിൽ ഹിയറിംഗ് ഉദ്യോഗസ്ഥൻ നൽകിയ നിർദ്ദേശത്തിൻ്റെ അടിസ്ഥാനത്തിൽ ഹർജിക്കാരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകി എന്ന നാദാപുരം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ അവകാശ വാദം ഒരു തരത്തിലും മുഖവിലക്കെടുക്കാനോ അംഗീകരിക്കാനോ സാധിക്കുകയില്ല. മാത്രമല്ല എൽ **1/39/2019** പൊവി.വ ൽ ഇതുവരെ തീർപ്പ് കൽപ്പിച്ചിട്ടില്ല എന്ന കാര്യവും ടി അവസരത്തിൽ ശ്രദ്ധേയമാണ്. **07/06/2021** ഗൂഗിൾ മീറ്റ് മുഖാന്തിരം നൽകിയ ഹിയറിംഗിൽ തന്റെ അവകാശവാദം തെളിയിക്കുന്നതിന് നാദാപുരം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല.ഇതിൽ നിന്നും നിയമവിരുദ്ധമായ തന്റെ പ്രവർത്തി ന്യായീകരിക്കുന്നതിന് അടിസ്ഥാനരഹിതമായ ഒരു അവകാശ വാദം ടിയാൻ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാണ്. "

**iv) 15/03/2019** ൽ നടന്ന ഹിയറിംഗിൽ സർക്കാർ നിർദ്ദേശം പാലിച്ചത് ശരിയാണോ എന്നു പരിശോധിക്കുന്നതിനായി എൽ **1/39/2019** ഫയൽ വിവരാവകാശ പ്രകാരം ലഭിക്കുന്നതിനായി അപേക്ഷിക്കുകയുണ്ടായി. എൽ**1/39/2019** പൊ.വി.വ തിയതി **11/04/2019** പ്രകാരം പൊതു വിദ്യാഭ്യാസ സെക്രട്ടറി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച കത്തിൽ ശ്രീമതി.സി.കെ.നമിതയുടെ കേസിൽ സ്വീകരിച്ച സമീപനം ശ്രീമതി. ശ്രീജ. ഇല്ലത്തിൻ്റയും ശ്രീമതി രേഖയുടെയും നിയമനങ്ങൾ നിയമന തിയ്യതി മുതൽ അംഗീകരിക്കുന്ന വിഷയത്തിലും സ്വീകരിക്കുന്നതിലുള്ള അഭിപ്രായം അറിയിക്കുന്നതിനായും വിശദമായ റിപ്പോർട്ട് നൽകാനും നിർദ്ദേശിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ ഡയരക്ടർ **15-01-2021** തിയ്യതിയുള്ള ജി**3/6091/2019,** കത്തിലൂടെ **2010-11** വർഷം **22** എൽ.പി.എസ്.ടി/യു.പി.എസ്.ടി തസ്ത്ിക അനുവദിച്ചിരുന്നു. ഇതിൽ **22** പേർ ജോലിചെയ്യുന്നുമുണ്ട്. **G.O.(P) 29/16 dt 29-01-2016** ഉത്തരവ് പ്രകാരം **2011-12** മുതൽ ഉള്ള തസ്തികകൾ പുനർ നിർണ്ണയിക്കാൻ ഉത്തരവാകുന്നതു വരെ **2010-11** ലെ തസ്തിക തന്നെയാണ് നിലനിന്നിരുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

**v) 2011-12** മുതലുള്ള **5** വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയാകുന്നത് **GO.(P) 29/16 dt 29/01/2016** പ്രകാരമാണ്. ആയതിനാൽ അതുവരെയുള്ള നിയമനങ്ങൾക്ക് **2010-11**-ലെ തസ്തിക തന്നെ കണക്കാക്കാൻ നാദാപുരം ഉപജില്ലയിലെ താനക്കോട്ടൂർ യു.പി.സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി നമിതയുടെ കാര്യത്തിൽ നിർദ്ദേശിച്ച എൽ.**1/156**/പൊവി.വ തിയ്യതി **29/09/2018** ലെ ഉത്തരവ് ഇക്കാര്യത്തിലും ബാധകമാക്കാനും നിർദ്ദേശിച്ചു. ഇതിൽ നിന്നും **4** അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചത് **15/03/2019** ലെ ഹിയറിംഗിൽ സർക്കാൻ നൽകിയ നിർദ്ദേശത്തിൻ്റ അടിസ്ഥാനത്തിലാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഇതോടുകൂടി വിദ്യാഭ്യാസ ഉപഡയറക്ടറുടെ തടസ്സവാദമായ നാല് അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചത് ഉപജില്ല

വിദ്യാഭ്യാസ ഓഫീസർ സ്വമേധയാ എടുത്ത തീരുമാനമാണെന്ന വാദം നില നിൽക്കുന്നതല്ല.

vi) ഒരു ഗവൺമെന്റ് ഉത്തരവിലൂടെ നിയമനാംഗീകാരം നൽകാനും മറ്റൊരു ഗവൺമെൻ്റ് ഉത്തരവിലൂടെ നിയമനാംഗീകാരം നൽകിയത് ശരിയല്ലെന്നും ഉത്തരവായാൽ നേരത്തെയുള്ള ഉത്തരവനുസരിച്ച് ഉത്തരവ് നടപ്പിലാക്കിയതിൻ്റെ ഭാരം മുഴുവൻ നടപ്പിലാക്കിയ ഉദ്യോഗസ്ഥർക്ക് നൽകുന്നത് ശരിയാണോ എന്നു പരിശോധിക്കേണ്ടതാണ്. മാറി മാറി ഗവൺമെൻ്റ് ഉത്തരവുകൾ നൽകിയാൽ ഉത്തരവ് നടപ്പിലാക്കുന്ന ഉദ്യോഗസ്ഥർക്ക് നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥ സംജാതമാകും. മേൽ സാഹചര്യത്തിൽ ഗവൺമെന്റ് ഉത്തരവ് പാലിക്കുക മാത്രമെ ചെയ്തിട്ടുള്ളു എന്നു മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ എനിക്കെതിരെ നടപടി സ്വീകരിക്കരുതെന്നും അർഹതപ്പെട്ട ഡി.സി. ആർ.ജി. അനുവദിച്ചു ഉത്തരവാകണമെന്നും അപേക്ഷിക്കുന്നു.

<u>ശ്രീമതി ചന്ദ്രജ്യോതി വി.</u>

i) തൂണേരി ഇ.വി.യു.പി സ്കൂളിലെ ജീവനക്കാരുടെ നിയമനാംഗീകാരം കൈകാര്യം ചെയ്യുന്ന ബി സെക്ഷൻ ക്ലാർക്ക് ആയി താൻ **30/11/2019** വരെ മാത്രമേ ജോലി ചെയ്തിട്ടുള്ളു. എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ നിയമനം അംഗീകരിക്കുന്ന കാര്യത്തിൽ സെക്ഷൻ ക്ലാർക്കിന് വളരെ പരിമിതമായ ഉത്തരവാദിത്തം മാത്രമേ ഉള്ളൂ. ഫയൽ അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ അത് സംബന്ധിച്ച ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയല്ലാതെ തീരുമാനമെടുക്കുന്നത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറാണ്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തീരുമാനത്തിനായി പരിഗണിക്കുക സീനിയർ സൂപ്രണ്ടിന്റെ അഭിപ്രായമായിരിക്കും.

ii) **2013-14** വർഷം റിട്ടയർമെന്റ് ഒഴിവിൽ നിയമിക്കപ്പെട്ടവരുടെ നിയമനങ്ങൾ തസ്തിക ലഭ്യമല്ലാത്തതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചതാണ്.പിന്നീട് **2017-18** വർഷം തസ്തികകൾ ലഭ്യമായതിനാൽ ഈ നാല് പേരുടെയും നിയമനങ്ങൾ അംഗീകരിക്കാൻ മാനേജർ പ്രപ്പോസൽ പുനഃസമർപ്പിച്ചു. എന്നാൽ ഇവരിൽ രേഖ, ശ്രീജ എന്നിവർ ഇതിനകം ഉയർന്ന പ്രായപരിധി പിന്നിട്ടതിനാൽ വയസ്സിളവിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. ഈ അപേക്ഷ തീരുമാനമാക്കാനായി സർക്കാർ **15/03/2019** തീയതിയിൽ നടത്തിയ ഹിയറിങ്ങിൽ സീനിയർ സൂപ്രണ്ട് ആണ് പങ്കെടുത്തത്. താനക്കോട്ടൂർ യു.പി സ്കൂളിലെ ശ്രീമതി നമിത സി.കെ. യുടെ നിയമനം അംഗീകരിക്കുന്നതിനായി എൽ.**1/156/2017**/പൊ.വി.വ തീയതി **29/09/2018** സർക്കാർ കത്തിൽ **2010-11** വർഷത്തെ തസ്തികകൾ തന്നെ **2012-13, 2013-14** വർഷവും തുടരുമെന്നും അതിനാൽ ടിയാളുടെ നിയമനം **2012-13, 2013-14** വർഷം കുട്ടികളുടെ കുറവുള്ളത് പരിഗണിക്കാതെ **23/01/2013** മുതൽ തുടർച്ചയായി അംഗീകരിക്കാമെന്നും നിർദ്ദേശിച്ചിട്ടുള്ളതും ഹിയറിംങ്

വേളയിൽ മേൽപ്പറഞ്ഞ നാല് പേരുടെ നിയമനങ്ങളും ഇതേ പോലെ നിയമന തീയതി മുതൽ തന്നെ അംഗീകരിക്കാവുന്നതാണെന്ന് ചൂണ്ടിക്കാട്ടിയതായും സീനിയർ സൂപ്രണ്ട് ഓഫീസിൽ അറിയിക്കുകയുണ്ടായി. സീനിയർ സൂപ്രണ്ട് ഓഫീസിൽ നോട്ട് ഫയലിലും അദ്ദേഹം സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രികയിലും ഈ വസ്തുത വ്യക്തമാക്കിയിട്ടുണ്ട്. **18/03/2019** ലെ നോട്ട് ഫയലിലുള്ള സീനിയർ സുപ്രണ്ടിന്റെ അഭിപ്രായക്കുറിപ്പ് അടിസ്ഥാനമാക്കിയാണ് താൻ ഫയൽ തീരുമാനത്തിനായി സമർപ്പിച്ചത്. സർക്കാർ പിന്നീട് പൊതു വിദ്യാഭ്യാസ ഡയറക്ടറോട് **03/07/2020** തീയതിയിലെ നമ്പർ എൽ**1/39/2019**/പൊ.വി.വ പ്രകാരം വസ്തുതകൾ ആരാഞ്ഞതിന് മറുപടിയായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **15/01/2021** തീയതിയിലെ നമ്പർ ജി**3/6091/2019**/ഡി.ജി.ഇ എഴുത്തിൽ **15/03/2019** ന് നടന്ന ഹിയറിങ്ങിൽ ഉണ്ടായ നിർദ്ദേശം വ്യക്തമാക്കിയതായി കാണാവുന്നതാണ്.

**iii)** **25** വർഷം സർവ്വീസുള്ള തനിക്കെതിരെ ഇതുവരെ യാതൊരുവിധ അച്ചടക്ക നടപടിയും ഉണ്ടായിട്ടില്ല. വളരെ ശ്രദ്ധാപൂർവ്വമാണ് താൻ ഫയലുകൾ കൈകാര്യം ചെയ്യുന്നത്. ഫയലിലെ തന്റെ കുറിപ്പ് തെറ്റായ തീരുമാനമെടുക്കാൻ കാരണമായിട്ടില്ല. ഇവിടെയാണെങ്കിൽ ഈ നാല് പേരുടെയും നിയമനങ്ങൾ തസ്തിക ലഭ്യമല്ലെന്ന കാരണത്താൽ നേരത്തെ നിരസിച്ചതാണ്. ഈ വസ്തുത താൻ ഫയലിൽ ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്. സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ ഫയലിലുള്ള തന്റെ കുറിപ്പുകൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തീരുമാനത്തിനെ ഒരു തരത്തിലും ബാധിച്ചിട്ടില്ലെന്ന് ബോധിപ്പിക്കുന്നു. ആയതിനാൽ തനിക്കെതിരെ യാതൊരുവിധ അച്ചടക്ക നടപടിയും സ്വീകരിക്കരുതെന്നും തന്നെ കുറ്റവിമുക്ത ആക്കണമെന്നും അപേക്ഷിക്കുന്നു.

<u>ശ്രീ.പ്രകാശൻ മണക്കുനിയിൽ</u>

**i)** അധ്യാപകർക്ക് നിയമനം നൽകിയത് സ.ഉ (സാധ)നമ്പർ **54/2019** പൊ.വി.വ തീയ്യതി **05/01/2019** പ്രകാരമാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ധന്യയുടെ നിയമനം **01/06/2017** മുതൽ എൽ പി എസ് ടി ആയി അംഗീകരിക്കുകയുണ്ടായി. മറ്റുള്ളവർക്ക് നിയമനം നൽകിയില്ല. തുടർന്ന് മാനേജർ ഗവൺമെന്റിനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ **15/03/2019** ന് ഹിയറിങ് നടത്തി സ.ഉ(സാധ)നം **54/2019** പൊ.വി.വ വിശദീകരിക്കുകയും ശ്രീമതി രേഖ, ശ്രീമതി ശ്രീജ എന്നിവർക്ക് നിയമന തീയതി മുതൽ നിയമനം നൽകാൻ നിർദ്ദേശിക്കുകയും ഉണ്ടായി. ഇവരുടെ നിയമനത്തിന് താനക്കോട്ടൂർ യു പി എസി ലെ ശ്രീമതി നമിതയുടെ നിയമനത്തിൽ നിർദ്ദേശിച്ച ഉത്തരവ് അടിസ്ഥാനമാക്കാനും നിർദ്ദേശിച്ചു.

**ii) 24/05/2024** ന് നാദാപുരം എ ഇ ഒ ഓഫീസിൽ വച്ച് എ ഡി പി ഐ നടത്തിയ ഹിയറിങ് റിപ്പോർട്ടിൽ താൻ കുറ്റക്കാരനാണ് എന്ന് ആരോപിക്കാനായി മുന്നോട്ടുവെച്ച വാദം **2011-12** മുതൽ **2015-16** വരെയുള്ള നിയമനങ്ങളിൽ ഉത്തരവ് തീയതിയായ **29/01/2016** ന് ശേഷം അംഗീകാരം നൽകുന്ന സാഹചര്യത്തിൽ **GO(P)29/2016** ലെ നിബന്ധനകൾ ബാധകമാണ്.

ഇത് ശരിയാണെങ്കിൽ ഇതേ ഉപ ജില്ലയിലെ താനക്കോട്ടൂർ യു പി സ്കൂളിലെ ശ്രീമതി. നമിതയുടെ നിയമനം എങ്ങനെ നടക്കും?. നമിതയുടെ നിയമന ഉത്തരവിറങ്ങുന്നത് **29/09/2018** ലാണ്. നമിതയുടെ നിയമന വൈകിച്ചു എന്നതിൽ മൂന്ന് ഉദ്യോഗസ്ഥർ നടപടി നേരിട്ടിരുന്നു. മാത്രമല്ല, പ്രസ്തുത ഹിയറിങ്ങിനിടയിൽ എഡിപിഐ, ഡിഡിഇ-യുടെ പ്രതിനിധിയോട് അനാവശ്യമായി സർക്കാർ ഉത്തരവിനെതിരെ തടസവാദം എടുക്കേണ്ടായിരുന്നു എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

**iii) 04/11/2024** ന് ഡി ഡി ഇ കോഴിക്കോട് ഓഫീസിൽ മേൽ നിയമനവുമായി ബന്ധപ്പെട്ട് എന്റെ ബാധ്യത നിശ്ചയിക്കാനുള്ള **15/03/2019** ന്റെ ഹിയറിങ്ങിൽ നിയമനം ശരിവച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഗവൺമെൻ്റ് സെക്രട്ടറിക്ക് എഴുതിയ **15/01/2021**-ലെ കത്തും, ഫയൽ കുറിപ്പുകളും ഹാജരാക്കിയതിനുശേഷം, ഇവ അധ്യാപകരുടെ നിയമന ഫയലിനോടൊപ്പം ഉണ്ടായിരുന്നുവെങ്കിൽ നിങ്ങൾ ഓഡിറ്റ് തടസവാദം എടുക്കുമോ എന്ന് എൻ്റെ ചോദ്യത്തിന് ഡി ഡി ഇ കോഴിക്കോട് ഇല്ല എന്നാണ് മറുപടി തന്നത്.

**iv) 15/01/2021** നു ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയമനം സംബന്ധിച്ച നിലപാട് മാറ്റിയതാണ് ഇന്നുള്ള പ്രശ്നങ്ങൾക്ക് കാരണം ഒരു ഘട്ടത്തിൽ നിയമനം നിയമന തീയതി മുതൽ കൊടുക്കണമെന്ന് നിർദ്ദേശിച്ച ഡിപിഐ ഓഡിറ്റ് തടസവാദത്തെ തുടർന്ന് മാനേജരുടെ പെറ്റീഷനിലും റിവ്യൂ പെറ്റീഷനിലും നിലപാട് മാറ്റിയാൽ നിയമനം നൽകിയ ഉദ്യോഗസ്ഥർ എന്ത് ചെയ്യും. മേൽ സർക്കാർ ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ താൻ നൽകിയ നിയമനങ്ങൾ ചട്ടപ്രകാരമാണ് യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടാക്കിയിട്ടില്ല. മാത്രമല്ല വിഎ **(3)677006/2022** ഡി ജി ഇ തീയതി **19/10/2022** ന് പുറപ്പെടുവിച്ച പരിപത്രത്തിൽ പരാമർശിച്ച ഖണ്ഡിക നാല് പ്രകാരം മേൽ ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ /ഉത്തരവുകൾക്ക് ചട്ട പ്രകാരമല്ലാത്ത തടസവാദങ്ങൾ ഉന്നയിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ താൻ സാ.ഉ (സാധ) നമ്പർ **54/2019** പൊ.വി.വ തീയ്യതി **05/01/2019** അനുസരിക്കുക മാത്രമാണ് ചെയ്തത്.

**v)** അധ്യാപക നിയമനം സംബന്ധിച്ചുള്ള ബാധ്യതയുമായി ബന്ധപ്പെട്ട് ബഹു.ലോകായുക്തയിൽ ഞാൻ കൊടുത്ത **143/2023C, IA No. 200/2023** എന്നീ കേസുകളിൽ ഒന്നാം എതിർ കക്ഷി അന്യായമായി സ്വീകരിക്കുന്ന നടപടികൾ ബഹു.കോടതിയലക്ഷ്യ നടപടികളാകുമെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു. മാത്രമല്ല നിയമനം നിഷേധിക്കപ്പെട്ട അധ്യാപകർ നിയമന തീയതി മുതൽ നിയമനം ലഭിക്കാനായി വിദ്യാഭ്യാസ മന്ത്രിക്ക് കൊടുത്ത പരാതി ബഹു. വിദ്യാഭ്യാസമന്ത്രിയുടെ സജീവ പരിഗണനയിലാണ്. **2020** മെയ് **31** ന് വിരമിക്കുന്നത് വരെ തന്റെ പേരിൽ യാതൊരു കുറ്റാരോപണ മെമ്മോയും നിലവിലുണ്ടായിരുന്നില്ല. വിരമിച്ച് നാലര വർഷത്തിന് ശേഷമാണ് അച്ചടക്ക

നടപടിയുമായി ബന്ധപ്പെട്ട് കാരണം കാണിക്കൽ നോട്ടീസ് തരുന്നത്. ആയതിനാൽ തെളിവുകളുടെയും, മുന്നോട്ട് വെച്ച വാദങ്ങളുടെയും, താൻ സമർപ്പിച്ച അടിസ്ഥാനത്തിൽ എന്നെ കുറ്റവിമുക്തനാക്കണമെന്ന് അപേക്ഷിക്കുന്നു.

6) ഹിയറിങ്ങിൽ പങ്കെടുത്ത കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ താഴെപ്പറയും പ്രകാരം അറിയിക്കുകയുണ്ടായി.

i) കോഴിക്കോട് ജില്ലയിലെ നാദാപുരം ഉപജില്ല വിദ്യാഭ്യാസ ഓഫീസിലെ 01/07/2018 മുതൽ 30/09/2019 വരെയുള്ള കാലയളവിലെ കണക്കുകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയുടെ ഭാഗമായി തൂണേരി ഇ.വി.യു.പി സ്കൂളിലെ നിയമനവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. പ്രസ്തുത സ്ക്കൂളിൽ 2013-14, 2014-2015 അധ്യയന വർഷങ്ങളിൽ മാനേജർ നിയമിച്ച് നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം അംഗീകരിച്ചു നൽകിയ

1) ശ്രീമതി ധന്യ വി. എൽ പി എസ് ടി

2) ശ്രീമതി ശ്രീജ ഐ എൽ പി എസ് ടി
3) ശ്രീമതി രേഖ യൂപി.എസ്. ടി
4) ശ്രീ ഐ വി സജിത്ത് എൽ പി എസ് ടി

എന്നീ നാല് തസ്തികകളിലെ നിയമനങ്ങൾ അനധികൃതമായി നടത്തിയതാണ് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നിയമനം തടസ്സപ്പെടുത്തുകയും നിയമനം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ഉണ്ടായി.

2011-12 അധ്യയന വർഷം മുതലുള്ള തസ്തിക നിർണയം നിയമനാംഗീകാരം എന്നിവയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, കോടതി ഉത്തരവുകൾ, തസ്തിക നിർണയ ഉത്തരവുകൾ, നിയമനാംഗീകാര അപേക്ഷകളിൻ മേൽ നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഓഫീസിൽ സ്വീകരിച്ച നടപടികൾ, സ്കൂൾ മാനേജരുടെ അപ്പീലിന്മേൽ പുറപ്പെടുവിപ്പിച്ച കോടതി വിധികൾ അപ്പലേറ്റ് ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും മേൽ സൂചിപ്പിച്ച നാല് പേർക്കും നിയമനം നൽകുന്നതിന് വ്യവസ്ഥാപിത തസ്തികകൾ നിലവിലുണ്ടായിരുന്നില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് മേൽ സൂചിപ്പിച്ച അധ്യാപകരുടെ നിയമനം റദ്ദ് ചെയ്ത് ഉത്തരവാകാൻ നിർദ്ദേശം നൽകി.

ii) ഓഡിറ്റ് തടസവാദത്തിനെതിരെ സ്കൂൾ മാനേജർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) 397/21 നമ്പർ റിട്ട് ഹർജിയിന്മേൽ 12/07/2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3353/2021/പൊവിവ പ്രകാരം സ്കൂൾ മാനേജരുടെ ആവശ്യം നിരാകരിച്ചും ഓഡിറ്റ് തടസ്സവാദം ശരിവെച്ചുകൊണ്ടും സർക്കാർ ഉത്തരവായി. മാത്രമല്ല സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയിൽ സർക്കാർ 30/12/2022ന്

ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയും **21/7/2023**ലെ സ.ഉ (സാധാ) **4202/2023** പൊ.വി.വ ഉത്തരവ് പ്രകാരം അധ്യാപകർക്ക് അനധികൃതമായി നിയമനാംഗീകാരം നൽകിയ കാലയളവിലെ ശമ്പള ആനുകൂല്യങ്ങളുടെ ഇനത്തിൽ നൽകേണ്ടിവന്ന തുക ഇതുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയ സാഹചര്യത്തിൽ മാനേജരുടെ റിവിഷൻ ഹർജി നിരസിച്ച് ഉത്തരവായിരുന്നു.

**iii)** തർക്കത്തിലുള്ള നിയമനാംഗീകാര ഉത്തരവുകൾ പാസാക്കിയ ഫയലുകൾ വിളിച്ചുവരുത്തി പരിശോധിച്ചും ബന്ധപ്പെട്ട അധ്യാപകരെ നേരിൽ കേട്ടും, കെ ആർ അധ്യായം **14** എ ചട്ടം **8** എ പ്രകാരം നിയമനം റദ്ദാക്കുന്ന വിഷയത്തിൽ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ഗവൺമെൻ്റ് നിർദ്ദേശം നൽകുകയും മാനേജരുടെ നിയമന ഉത്തരവുകൾ പരിശോധിച്ച് ബന്ധപ്പെട്ട അധ്യാപകർക്ക് നിലനിൽക്കാനുള്ള വ്യവസ്ഥാപിത ഒഴിവുകൾ വരുന്ന മുറക്ക് അംഗീകാരം നൽകുന്നതിനുള്ള നിർദേശവും അങ്ങനെ ചെയ്യുമ്പോൾ പ്രായപരിധിയിൽ ഇളവ് നൽകുന്നതിനുള്ള നിർദ്ദേശവും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിരുന്നു. കൂടാതെ നിയമന തീയതി മുതൽ അപ്രകാരം നിയമന അംഗീകാരം ലഭിക്കുന്നത് വരെയുള്ള കാലയളവിലേക്ക് തെറ്റായ അംഗീകാര ഉത്തരവ് നൽകിയതിനെതിരെ നാദാപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ മേൽ ശിക്ഷാനടപടികൾ സ്വീകരിച്ച് മേൽ അധ്യാപകർക്ക് ശമ്പള ആനുകൂല്യങ്ങളുടെ ഇനത്തിൽ നൽകേണ്ടിവരുന്ന തുക പ്രസ്തുത ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഉത്തരവാദിത്വത്തിന് ആനുപാതികമായി ഈടാക്കുന്നതിനും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രസ്തുത സർക്കാർ ഉത്തരവിൽ നിർദ്ദേശം നൽകി.

**iv)** തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ട എല്ലാ കക്ഷികളെയും നേരിൽ കേൾക്കുകയും **03/01/2022** ലെ ജി. **2/6045/2021**/ഡി. ജി. ഇ പ്രകാരം ഉത്തരവാകുകയും ചെയ്തു. ഈ പരിശോധനയിലും മേൽ സുചിപ്പിച്ച നാല് നിയമനങ്ങളും നൽകിയിരിക്കുന്നത് ക്രമവിരുദ്ധമായാണ് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമനങ്ങൾ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവായി. അതോടൊപ്പം അധ്യാപകർക്ക് നിലനിൽക്കുന്നതിന് തസ്തിക ലഭ്യമാകുന്ന കാലയളവിലേക്ക് പ്രൊപ്പോസൽ ലഭ്യമാക്കി ജി.ഓ (പി) **4/2021** തീയതി **06.02.21** പ്രകാരം പരിഗണിക്കുന്നതിനും അപ്രകാരം പരിഗണിക്കുമ്പോൾ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നത് പരിശോധിക്കുന്നതിനും അനധികൃതമായി നിയമനാഗീകാരം നൽകിയ കാലയളവിലെ ശമ്പള ആനുകൂല്യങ്ങളുടെ ഇനത്തിൽ നൽകേണ്ടി വന്ന തുക ഇതുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറെ

ചുമതലപ്പെടുത്തികൊണ്ടും അനധികൃതമായി ഈ അധ്യാപകർക്ക് നിയമനാംഗീകാരം നൽകിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് വിജിലൻസ് സെക്ഷനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവായി.

v) പ്രസ്തുത നിയമനം നൽകിയ കാലയളവിൽ ഫയൽ കൈകാര്യം ചെയ്തത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ.പ്രകാശൻ മണക്കുനിയിൽ, സീനിയർ സൂപ്രണ്ട്, ശ്രീ വിനോദൻ വി.പി, സീനിയർ ക്ലർക്ക് ശ്രീമതി ചന്ദ്രജ്യോതി വി. എന്നിവരായിരുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെറ്റായി നിയമനം നല്കിയ നാല് അധ്യാപകരും കൈപ്പറ്റിയ ശമ്പളം മേൽ സൂചിപ്പിച്ച മൂന്ന് ജീവനക്കാരുടെയും ബാധ്യതയായി താൽക്കാലികമായി നിശ്ചയിച്ച് നോട്ടീസ് നൽകി. ആകെ 41,65,783/- രൂപ ( നാല്പത്തി ഒന്ന് ലക്ഷത്തി അറുപത്തി അയ്യായിരത്തി എഴുന്നൂറ്റി എൺപത്തി മൂന്ന് രൂപ) ബാധ്യത ഉള്ളതായി കണ്ടെത്തി. പ്രസ്തുത തുക മൂന്നുപേരുടെയും തുല്യ ബാധ്യതയായി വിഭജിച്ചു. ഈ ഇനത്തിൽ ഓരോരുത്തർക്കും 13,88,594/- താൽക്കാലിക ബാധ്യതയാക്കി നിശ്ചയിച്ച നോട്ടീസ് നൽകുകയും ആയതിന്മേൽ നേരിൽ കേൾക്കുകയും 13,88,594/- രൂപ അന്തിമ ബാധ്യതയായി നിശ്ചയിക്കുകയും ചെയ്തു.

vi) ശ്രീ.പ്രകാശൻ മണക്കുനിയിൽ 31/05/2020-ന് സേവനത്തിൽ നിന്ന് വിരമിച്ചു. ടിയാന്റെ ആകെ ബാധ്യത 14,85,949/- രൂപയും ഡി സി ആർ ജി പതിനാല് ലക്ഷം രൂപയുമാണ്. ഡി സി ആർ ജി യിൽ നിന്ന് പ്രസ്തുത തുക കിഴിവ് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.ശ്രീ വിനോദൻ വി പി 31/07/2019 ന് സേവനത്തിൽ നിന്ന് വിരമിച്ചു. ടിയാന്റെ ആകെ ബാധ്യത 17,40,509/- രൂപയും അനുവദനീയമായ ആകെ ഡി സി ആർ ജി 9,72,000/- രൂപയാണ്. ശേഷിക്കുന്ന തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

vii) പ്രസ്തുത ഫയൽ കൈകാര്യം ചെയ്ത ക്ലർക്ക് ആയിരുന്ന ശ്രീമതി ചന്ദ്രജ്യോതി നിലവിൽ കോഴിക്കോട് ഡയറ്റിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്യുകയാണ്. ബാധ്യത തുക സംബന്ധിച്ച വിശദാംശങ്ങൾ ജീവനക്കാരിക്ക് കൈമാറുകയും അടയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 2016-2017 മുതൽ തൂണേരി ഇ.വി.യു.പി സ്കൂളിൽ 4 പേർക്കും നിയമനം നൽകുന്നതിനുള്ള തസ്തിക ഉണ്ടായെങ്കിലും മാനേജർ യഥാവിധി ലാവണ ക്രമീകരണം നടത്തി ഉത്തരവ് സമർപ്പിക്കാത്തതിനാൽ നിയമനാംഗീകാരം നൽകിയിട്ടില്ല എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

7) ഹിയറിങ്ങിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി താഴെപ്പറയും പ്രകാരം അറിയിക്കുകയുണ്ടായി.

**i)** ശ്രീമതി ധന്യ വി., ശ്രീമതി.ഐ.ശ്രീജ, ശ്രീമതി.കെ.രേഖ, ശ്രീ.ഐ.വി.സജിത്ത് എന്നിവരുടെ നിയമനവുമായി ബന്ധപ്പെട്ടു ബഹു. കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി **29141/2018** ലെ **04/09/2012** തീയ്യതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ കൂടിക്കാഴ്ച നടത്തുകയും സ.ഉ.(സാധാ)**54/19** പൊ.വി.വ. തിയ്യതി **05/01/2019** പ്രകാരവും ഉത്തരവാകുകയും ചെയ്തു. കൂടാതെ **397/21** നമ്പർ റിട്ട് ഹർജിയിന്മേൽ **07/01/2021** ലെ വിധിന്യായം നടപ്പിലാക്കി സ.ഉ.(സാധാ)**3353/21** പൊ.വി.വ. തിയ്യതി **12/07/2021** പ്രകാരവും ഉത്തരവായി. പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദേശം പ്രകാരം നടപടികൾ സ്വീകരിച്ചു വരികയുമാണ്.

**ii)** ശ്രീമതി.ധന്യ.വി, ശ്രീമതി ഐ.ശ്രീജ, ശ്രീമതി കെ.രേഖ എന്നിവരുടെ തൂണേരി ഇ.വി.യു.പി സ്കൂളിലെ നിയമനം **03-06-2013** മുതലും ശ്രീ. ഐ.വി സജിത്തിൻ്റെ നിയമനം **01/06/2014** മുതലുമാണ്. ഈ അധ്യാപകരെ നിയമിച്ച തസ്തികകൾ വിരമിക്കൽ/ഉദ്യോഗക്കയറ്റം മൂലമുണ്ടായതാണെങ്കിലും റഗുലർ തസ്തികയിൽ തുടർന്നിരുന്ന അധ്യാപകർ വിരമിച്ചപ്പോഴും, ഉദ്യോഗക്കയറ്റം സംഭവിച്ചപ്പോഴും ഉണ്ടായ ഒഴിവുകൾ കട്ടികളുടെ കുറവ് കാരണം തസ്തിക നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് ബോധ്യം ഉണ്ടായിരുന്നത് കൊണ്ട് ഈ **4** നിയമനങ്ങളും ആദ്യം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നതാണ്. **2013-14, 2014-15** വർഷങ്ങളിലെ തസ്തിക നിർണയം **2010-11** ലെ **1:45** അനുപാത പ്രകാരം കണക്കാക്കിയപ്പോഴും പുതുക്കിയ **1:30, 1:35** അനുപാതപ്രകാരം കണക്കാക്കിയപ്പോഴും ഈ അധ്യാപകർക്ക് നിലനിൽക്കാൻ ആവശ്യമായ തസ്തികകൾ ലഭ്യമല്ല എന്ന് ബോധ്യം ഉണ്ടായിരുന്നിട്ടും, നിയമനതീയതി മുതൽ അപ്രകാരം നിയമനാംഗീകാരം ലഭിക്കുന്നതുവരെയുള്ള കാലയളവിലേക്ക് തെറ്റായ അംഗീകാര ഉത്തരവ് നൽകിയതിനെതിരെ നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ മേൽ ശിക്ഷാനടപടികൾ സ്വീകരിച്ച് മേൽ അദ്ധ്യാപകർക്ക് ശമ്പളാനുകൂല്യങ്ങളുടെ ഇനത്തിൽ നല്കേണ്ടിവരുന്ന തുക പ്രസ്തുത ഉദ്യാഗസ്ഥരുടെ ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഉത്തരവാദിത്വത്തിന് ആനുപാതികമായി ഈടാക്കുന്നതിനാണ് സർക്കാർ നിർദ്ദേശം നൽകിയത്.

**iii)** ശ്രീമതി ധന്യ വി., ശ്രീമതി ഐ.ശ്രീജ, ശ്രീമതി കെ.രേഖ, ശ്രീ.ഐ.വി.സജിത്ത് എന്നിവരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് ആധാരമായ സ.ഉ.(സാധാ)**54/19**/പൊവിവ തിയതി **05/01/2019** എന്ന ഉത്തരവിൽ

**1. KER** അധ്യായം **14 A** റൂൾ **43** പ്രകാരം അവകാശിയായ ശ്രീമതി രൂപയുടെ നിയമനത്തിന് ഒരൊഴിവ് ഒഴിച്ചിടണം

**2.** ലാവണ ക്രമീകരണം നടത്തണം

**3. GO.(P) 29/16** തിയ്യതി **29-01-2016** ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കണം

**4.** രേഖകൾ പരിശോധിച്ചു നിജസ്ഥിതി ബോധ്യപ്പെടണം

എന്നീ നിബന്ധനകൾ ഉൾക്കൊള്ളിച്ചിരുന്നു ഇവിടെ റൂൾ 43 അവകാശിയായ ശ്രീമതി രൂപയുടെ നിയമനം നൽകാത്തത് കാരണം മറ്റ് നിയമനങ്ങളുടെ അംഗീകാരം ലഭിക്കുന്നില്ല എന്ന് വിഷയത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. എന്നാൽ ഇത് സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ മേൽ പരാമർശിച്ച നാല് നിയമനം പരിഗണിച്ച വേളയിൽ പരിശോധിച്ചതായി കാണുന്നില്ല.കൂടാതെ ശ്രീമതി രൂപയുടെ നിയമനത്തിനായി ഒരു ഒഴിവ് മാറ്റിവയ്ക്കുമ്പോൾ ആവശ്യമായ ലാവണ ക്രമീകരണം നടത്തിയതായും പരാമർശം ഒന്നുമില്ല.

iv) GO.(P) 29/16 തിയ്യതി 29/01/2016 പ്രകാരമാണ് തസ്തിക നിർണയം 2011-12 മുതൽ നടത്തിയത്. ആയത് പ്രകാരമുള്ള 1:30 അടിസ്ഥാനത്തിൽ പുനക്രമീകരിച്ച് ആയത് നിലനിൽക്കുന്നെങ്കിൽ മാത്രമാണ് പ്രസ്തുത തസ്തികകളിലെ നിയമനങ്ങളിൽ അംഗീകാരം നൽകുന്നതിന് സാധിക്കുമായിരുന്നുള്ളൂ.തസ്തികകൾ നിലനിൽക്കുന്നില്ല എങ്കിൽ ആയത് പ്രകാരം ക്രമീകരണം നടത്തി നിയമനം പരിഗണിക്കുന്നതിന് സാധിക്കുമായിരുന്നു. അത്തരത്തിൽ യാതൊരുവിധ ക്രമീകരണവും നടത്തിയതായോ, നിബന്ധനകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം രേഖകൾ പുനഃപരിശോധിച്ചതായോ നിയമനഫയലുകളിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

v) അന്ന് നിലനിന്നിരുന്ന ഉത്തരവുകൾ പ്രകാരം 2010-11 വർഷം അനുവദിക്കപ്പെട്ട തസ്തികൾ തന്നെയാണ് 2014-15 വർഷം വരെയും തുടരും എന്നുള്ളതായിരുന്നു. എന്നാൽ GO.(P) 29/16 തിയ്യതി 29-01-2016 -ന്റെ അടിസ്ഥാനത്തിൽ 2011-12 മുതലുള്ള തസ്തിക നിർണ്ണയം പുനക്രമീകരിക്കുകയും ആയതിൻറെ അടിസ്ഥാനത്തിൽ മാത്രമാണ് പിന്നീട് നിയമനങ്ങൾ അംഗീകരിച്ചു നൽകിയിട്ടുമുള്ളത്. അതിനാൽ 2011-12 മുതൽ 2015-16 വരെയുള്ള നിയമനങ്ങളിൽ ഉത്തരവ് തീയതിയായ 29/01/2016 ശേഷം അംഗീകാരം നൽകുന്ന സാഹചര്യത്തിൽ GO.(P) 29/2016 ലെ നിബന്ധനകൾ ബാധകമാണ്. ഇതു പരിശോധിക്കുമ്പോൾ പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി. ധന്യ വി ശ്രീമതി.ഐ.ശ്രീജ, ശ്രീമതി.കെ.രേഖ, ശ്രീ.ഐ.വി.സജിത്ത് എന്നിവരെ നിയമിച്ച തീയതിയിൽ അവർക്ക് തുടരുന്നതിന് തസ്തിക ലഭ്യമല്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ പരാമർശിത ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതിന് തീരുമാനിച്ച ശിക്ഷാനടപടി ഉചിതമാണെന്നും അയതുമൂലം ബാധ്യതയായ തുക ഇവരിൽ നിന്നും ഈടക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്യുന്നു.

8) സർക്കാർ ഇക്കാര്യം കാരണം കാണിക്കൽ നോട്ടീസ്, പ്രതിവാദ പത്രിക, അന്വേഷണ റിപ്പോർട്ട്, ഹിയറിംഗ് വേളയിൽ രേഖപ്പെടുത്തിയ മൊഴികൾ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ എന്നിവരുടെ അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി.

9) പൊ.വി.വ. തിയതി ശ്രീമതി. ധന്യ വി ശ്രീമതി.ഐ.ശ്രീജ, ശ്രീമതി.കെ.രേഖ, ശ്രീ.ഐ.വി.സജിത്ത് എന്നിവരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് ആധാരമായ സ.ഉ.(സാധാ)54/19/പൊവിവ തിതി 05/01/2019 എന്ന ഉത്തരവിൽ

1. KER അധ്യായം 14 A റൂൾ 43 പ്രകാരം അവകാശിയായ ശ്രീമതി രൂപയുടെ നിയമനത്തിന് ഒരൊഴിവ് ഒഴിച്ചിടണം

2. ലാവണ ക്രമീകരണം നടത്തണം

3. GO.(P) 29/16 തിയ്യതി 29-01-2016 ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കണം

4. രേഖകൾ പരിശോധിച്ചു നിജസ്ഥിതി ബോധ്യപ്പെടണം എന്നീ നിബന്ധനകൾ ഉൾക്കൊള്ളിച്ചിരുന്നു.

10) എന്നാൽ ഉത്തരവിൽ അവ്യക്തതകൾ നിലനിൽക്കുന്നു കാരണത്താൽ മാനേജർ പുന സമർപ്പിച്ച നിയമനങ്ങൾ ഉപജില്ലാ വിദ്യഭ്യാസ ഓഫീസർ തീരുമാനമെടുക്കാതെയിരുന്നു. തുടർന്ന് മാനേജർ സർക്കാരിൽ ഹർജി സമർപ്പിച്ചതിനെ തുടർന്ന് 15/03/2019 നടത്തിയ കൂടിക്കാഴ്ചയിൽ വാക്കാൽ ലഭിച്ച നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീമതി. ധന്യ വി ശ്രീമതി.ഐ.ശ്രീജ, ശ്രീമതി.കെ.രേഖ, ശ്രീ.ഐ.വി.സജിത്ത് എന്നിവരുടെ നിയമനം നാദാപുരം ഉപജില്ലാ വിദ്യഭ്യാസ ഓഫീസർ അനുവദിച്ചു നൽകി എന്നാണ് പറഞ്ഞിട്ടുള്ളത്.

11) റൂൾ 43 അവകാശിയായ ശ്രീമതി രൂപയുടെ നിയമനം നൽകാത്തത് കാരണം മറ്റ് നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നില്ല എന്ന് വിഷയത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. എന്നാൽ ഇത് സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ മേൽ നാല് നിയമന ഫയലുകളിലും രേഖപ്പെടുത്തിയിരുന്നില്ല. കൂടാതെ ശ്രീമതി രൂപയുടെ നിയമനത്തിനായി ഒരു ഒഴിവ് മാറ്റിവയ്ക്കുമ്പോൾ ആവശ്യമായ ലാവണ ക്രമീകരണം നടത്തിയതായും പരാമർശം ഒന്നുമില്ല.

12) GO.(P) 29/16 തിയ്യതി 29-01-2016 പ്രകാരമാണ് 2011-12 മുതൽ തസ്തിക നിർണയം നടത്തിയത്. ആയത് പ്രകാരമുള്ള 1:30 അടിസ്ഥാനത്തിൽ പുനക്രമീകരിച്ച് ആയത് നിലനിൽക്കുന്നെങ്കിൽ മാത്രമാണ് പ്രസ്തുത തസ്തികകളിലെ നിയമനങ്ങളിൽ അംഗീകാരം നൽകുന്നതിന് സാധിക്കുമായിരുന്നുള്ളൂ. തസ്തികകൾ നിലനിൽക്കുന്നില്ല എങ്കിൽ ക്രമീകരണം നടത്തി നിയമനം പരിഗണിക്കുന്നതിന് സാധിക്കുമായിരുന്നു. അത്തരത്തിൽ യാതൊരുവിധ ക്രമീകരണവും നടത്തിയതായോ, നിബന്ധനകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം രേഖകൾ പുനഃപരിശോധിച്ചതായോ നിയമനഫയലുകളിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

13) പ്രസ്തുത നാല് നിയമനങ്ങളിൽ ശ്രീമതി. ധന്യ വി ശ്രീമതി.ഐ.ശ്രീജ, ശ്രീമതി.കെ.രേഖ എന്നിവരുടെ നിയമനം 2013-14 വർഷവും ശ്രീ.സജിത്തിൻ്റെ നിയമനം 2014-15 വർഷമാണ് നടത്തിയത്. അന്ന് നിലനിന്നിരുന്ന ഉത്തരവുകൾ പ്രകാരം 2010-11 വർഷം അനുവദിക്കപ്പെട്ട

തസ്തികൾ തന്നെ 2014-15 വർഷം വരെയും തുടരും എന്നുള്ളതായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട റഗുലർ നിയമനങ്ങൾ 2010-11 വർഷത്തെ തസ്തിക നിർണയം അടിസ്ഥാനത്തിൽ തന്നെ അനുവദിച്ചു നൽകിയിരുന്നു. എന്നാൽ പിന്നീട് 2011-12 മുതലുള്ള തസ്തിക നിർണയം സംബന്ധിച്ചും നിയമനങ്ങൾ സംബന്ധിച്ചും പുറപ്പെടുവിച്ച GO.(P) 29/16 തിയ്യതി 29-01-2016 -ന്റെ അടിസ്ഥാനത്തിൽ 2011-12 മുതലുള്ള തസ്തിക നിർണ്ണയം പുനക്രമീകരിക്കുകയും പിന്നീട് നിയമങ്ങൾ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുള്ളത്. ആയതിനാൽ 2011-12 മുതൽ 2015-16 വരെയുള്ള നിയമനങ്ങളിൽ ഉത്തരവ് തീയതിയായ 29-01-2016 ശേഷം അംഗീകാരം നൽകുന്ന സാഹചര്യത്തിൽ GO.(P) 29/2016 ലെ നിബന്ധനകൾ ബാധകമാണ്. ആയതു പ്രകാരം പരിശോധിക്കുമ്പോൾ ശ്രീമതി. ധന്യ ശ്രീമതി.ഐ.ശ്രീജ, ശ്രീമതി.കെ.രേഖ, ശ്രീ.ഐ.വി.സജിത്ത് എന്നിവരെ നിയമിച്ച തീയതിയിൽ അവർക്ക് തുടരുന്നതിന് തസ്തിക ലഭ്യമല്ല.

14) 51 എ അവകാശിയായ ശ്രീമതി നമിതയ്ക്ക് നിയമനം നൽകുന്നതിന് റഗുലർ തസ്തിക ഉണ്ടായിരുന്നിട്ടും സർക്കാർ നിർദ്ദേശം പാലിക്കാതെ പരിമിതപ്പെടുത്തി നിയമനം നൽകിയതിനാലാണ് എൽ/156/17/പൊ.വി.വ. തീയതി 29-09-2018 പ്രകാരമുള്ള നിർദ്ദേശം നൽകിയതെന്നു കാണുന്നു.എന്നാൽ തൂണേരി ഇ.വി.യു.പി സ്ക്കൂളിൽ തസ്തികകൾ വിരമിക്കൽ മൂലമുണ്ടായതാണെങ്കിലും റഗുലർ തസ്തികയിൽ തുടർന്നിരുന്ന അധ്യാപകർ വിരമിച്ചപ്പോഴും കുട്ടികളുടെ കുറവ് കാരണവും തസ്തിക നഷ്ടപ്പെട്ടിട്ടുള്ളതാണ്.ഇതേ കാരണത്താൽ ആദ്യം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നതാണ്. 2013-14, 2014-15 വർഷങ്ങളിലെ തസ്തിക നിർണയം 2010-11 ലെ 1:45 അനുപാത പ്രകാരം കണക്കാക്കിയപ്പോഴും പുതുക്കിയ 1:30, 1:35 അനുപാതപ്രകാരം കണക്കാക്കിയപ്പോഴും ഈ 4 അധ്യാപകർക്ക് നിലനിൽക്കാൻ ആവശ്യമായ തസ്തികകൾ ലഭ്യമല്ല എന്ന് ബോധ്യം ഉണ്ടായിരുന്നിട്ടും 2013-14 വർഷം 3 അധ്യാപകരെയും 2014-15 വർഷം ഒരു അധ്യാപകനെയും തസ്തികയില്ലാതെ മാനേജർ നിയമനം നടത്തുകയും ആയത് 05-01-2019-ലെ സ.ഉ.(സാധാ)നം: :54/2019/പൊ:വിവ: ഉത്തരവിനെ തെറ്റായി വ്യാഖ്യാനിച്ചു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

15) സ.ഉ.(സാധാ)54/19 പൊ.വി.വ. ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെയാണ് നിയമനങ്ങൾ അംഗീകരിച്ചു നൽകിയത്. ആയതിനാൽ ക്രമവിരുദ്ധമായി നിയമനാംഗീകാരം നൽകിയതിൽ ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്. നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ - ഓഫീസർ ആയിരുന്ന ശ്രീ.പ്രകാശൻ മണക്കുനിയിൽ, സീനിയർ സൂപ്രണ്ട് ശ്രീ.വിനോദൻ പി.വി, ക്ലാർക്കായിരുന്ന ശ്രീമതി ചന്ദ്രജ്യോതി. വി എന്നിവർക്ക് എതിരെയുള്ള കുറ്റം നിലനിൽക്കുന്നതാണ്.

16) GO.(P) 29/2016 ലെ നിബന്ധനകൾപ്രകാരം പരിശോധിച്ചാലും ടി 4

നിയമനങ്ങൾ നടത്തുന്നതിന് തസ്തിക ലഭ്യമായിരുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നതിന് ക്ലാർക്കായിരുന്ന ശ്രീമതി ചന്ദ്രജ്യോതി. വിയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതാണ് എന്നിരുന്നാലും സീനിയർ സൂപ്രണ്ട് ശ്രീ.വിനോദൻ വി.പി, ഫയലിൽ വ്യക്തമായ നിർദ്ദേശം നൽകിയതിനെ തുടർന്നാണ് ശ്രീമതി ചന്ദ്രജ്യോതി വി. നിയമനം അംഗീകരിക്കുന്നതിന് ഫയൽ സമർപ്പിച്ചിട്ടുള്ളത് എന്ന് കാണുന്നു.

**17)** മേൽ സാഹചര്യത്തിൽ തൂണേരി ഇ.വി.യു.പി.എസ്-ലെ ശ്രീമതി. ധന്യ വി, ശ്രീമതി.ഐ.ശ്രീജ, ശ്രീമതി കെ.രേഖ, ശ്രീ.ഐ.വി.സജിത്ത് എന്നിവർക്ക് ക്രമവിരുദ്ധമായി നിയമനാംഗീകാരം നൽകിയതിൽ ഗുരുതരമായ വീഴ്ച ഉണ്ടായതുമായി ബന്ധപ്പെട്ട് നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീ.പ്രകാശൻ മണക്കുനിയിൽ, സീനിയർ സൂപ്രണ്ട് ശ്രീ.വിനോദൻ വി.പി എന്നിവർക്കെതിരായ അച്ചടക്ക നടപടി ടിയാളുകളുടെ പ്രതിമാസ പെൻഷനിൽ നിന്നും കെ.എസ്.ആർ. ഭാഗം III റൂൾ 59 (ഡി) പ്രകാരം 500/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്തുകൊണ്ടുള്ള താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിയും, ശ്രീമതി ചന്ദ്രജ്യോതി വി.യ്ക്കെതിരായ അച്ചടക്ക നടപടി ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തിൽ തടയുവാനെടുത്ത താത്ക്കാലിക തീരുമാനം ഇളവ് ചെയ്ത് ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് (കെ സി എസ് (സി സി &എ) റൂൾസ്, 1960 ചട്ടം 11(1) (iii) പ്രകാരം സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടും തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&.ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ &പബ്ലി ക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഫയൽ നം.ഡിഎ1/17/2023/പൊവിവ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 12-01-2026 10:28:27
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എസ്സ്